# കേരള കാർഷിക സർവ്വകലാശാല

പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ , വയനാട് -673 593

**മൊബൈൽ: 9188224421, ഫോൺ: 04936 260421/260561**

**ഇമെയിൽ:** rarsamb@kau.in/adramb@kau.in


നം.ഇ.5072/2023 B തീയതി: 06.12.2023

## <u>ടെൻഡർ നോട്ടീസ്</u>

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് **2024 ജനുവരി മാസം 01 മുതൽ 15 വരെ** നടത്തുന്ന അന്താരാഷ്ട്ര പുഷ്പഫല പ്രദർശന മേള **"പൂപ്പൊലി 2024"** -ന്റെ ഭാഗമായി **ഭോജന ശാല നടത്തുന്നതിന്** ജി.എസ്.ടി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും ടെൻഡർ ക്ഷണിച്ചുകൊള്ളുന്നു.

### <u>അന്താരാഷ്ട്ര പുഷ്പമേള -പൂപ്പൊലി 2024- ഭോജന ശാല നടത്തുന്നതിനുള്ള ടെൻഡർ</u>

- ആർ.എ.ആർ.എസ് അമ്പലവയൽ മൂന്നാം ബ്ലോക്കിലെ എൻ.എ.ആർ.പി ഹോസ്റ്റലിന് എതിർവശത്തുള്ള ഗേറ്റിന് സമീപത്തുള്ള ട്രെയിനിംഗ് ഹാളിനായി നിർമ്മിച്ച കെട്ടിടത്തിലാണ് ഭോജന ശാല നടത്തേണ്ടത്. ഇതിനുള്ള വൈദ്യുതി നൽകുന്നതാണ്.
- ഭോജന ശാല അനുവദിക്കുന്ന സ്ഥലം ലേലം സമർപ്പിക്കുന്നതിനു മുൻപ് നേരിട്ട് കണ്ട് ബോധ്യപ്പെടേണ്ടതാണ്.
- വ്യവസ്ഥകൾ പ്രതിപാദിച്ചു കൊണ്ടുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള ഫോമിൽ ടെൻഡർ സമർപ്പിക്കേണ്ടതാണ്.
- ടെൻഡർ ലഭിക്കുന്ന ആൾക്കും, കൂടെയുള്ള തൊഴിലാളികൾക്കും ഈ സ്ഥാപനത്തിന്റെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്. ഇത് ലഭിക്കുന്നതിനായി ഫോട്ടോയും, തിരിച്ചറിയൽ കാർഡുകളും എക്സിബിഷൻ തുടങ്ങുന്നതിന് ഒരാഴ്ച മുൻപ് ഓഫീസിൽ ഹാജരാകേണ്ടതാണ്.
- പ്രഭാത ഭക്ഷണം(ദോശ, പുട്ട്, പൂരി, ഇഡ്ഡലി, പെറോട്ട മുതലായവ)ചായ, കാപ്പി, ഊൺ (ബിരിയാണി) എന്നിവയ്ക്കാണ് ഭോജന ശാല മുഖാന്തിരം വിൽക്കുവാനുള്ള അനുമതി നൽകുന്നത്.
- അമ്പലവയൽ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ/ഹെൽത്ത് ഇൻസ്പെക്ടർ നൽകുന്ന സാനിറ്ററി സർട്ടിഫിക്കറ്റ്, ഹെൽത്ത് കാർഡ്, കുടിവെള്ളം പരിശോധിച്ച സർട്ടിഫിക്കറ്റ് എന്നിവ കരാർ ലഭിക്കുന്നവർ ഭോജന ശാല തുടങ്ങുന്നതിന് മുൻപായി എടുക്കേണ്ടതാണ്. ഇതു കൂടാതെ ഭോജന ശാലയിൽ നിന്നും ഉണ്ടാകുന്ന മാലിന്യ സംസ്കരണത്തിനുള്ള നടപടികളും സ്വന്തം ഉത്തരവാദിത്വത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

### <u>ടെൻഡർ സംബന്ധിച്ച മറ്റു വിവരങ്ങൾ</u>

| | |
|---|---|
| ടെൻഡർ കവറിനു പുറത്ത് എഴുതേണ്ടത് | : **പൂപ്പൊലി 2024- ഭോജന ശാല നടത്തുന്നതിനുള്ള ടെൻഡർ** |
| ടെൻഡർ ലഭിക്കേണ്ട അവസാന തീയതി,സമയം | : 19.12.2023, 11 AM. |
| ടെൻഡർ തുറക്കുന്ന തീയതി, സമയം | : 19.12.2023, 11.30 AM |
| ടെൻഡർ സമർപ്പിക്കേണ്ട വിലാസം | : **അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ,വയനാട്.** |
| ടെൻഡർ വില | : 1,180/- (1,000+18% GST) |
| നിരതദ്രവ്യം | : 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) (DD/ഓൺലൈൻ മുഖേന (A/c No.38927507799 ) |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | : 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) |

(മറുപുറം...)

## നിബന്ധനകൾ:-

- ഏറ്റവും കൂടുതൽ നിരക്കിലുള്ള ടെൻഡറുകൾ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്.
- 200/- രൂപ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി സഹിതം നിർദ്ദിഷ്ട ഫോറത്തിൽ തയ്യാറാക്കി ടെൻഡർ സമർപ്പിച്ചവർക്ക് വീണ്ടും അവസരം ലഭിക്കുന്നതിനായി ആവശ്യമെങ്കിൽ ടെൻഡർ തുറക്കുന്നതിനു മുൻപായി ലേലം നടത്തുന്നതാണ്.
- ടെൻഡർ/ലേലം ഉറപ്പിക്കപ്പെട്ടവർ 1/3 തുക ടെൻഡർ അംഗീകരിച്ച ദിവസം തന്നെ അടയ്ക്കേണ്ടതാണ്. ശേഷിക്കുന്ന തുക 25/12/2023-ന് മുമ്പായി അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ടെൻഡർ റദ്ദ് ചെയ്യുന്നതും, നിരതദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടാകുന്നതുമാണ്.
- **ഭോജനശാല ലേലം/ടെൻഡർ നൽകുന്നവർ അവിടെ വിൽക്കുവാൻ ഉദ്ദേശിക്കുന്ന വിഭവങ്ങളുടെ വിവരം ടെൻഡറിൽ കാണിച്ചിരിക്കണം.**
- നിശ്ചിത സമയത്തിനുശേഷം ലഭിയ്ക്കുന്ന ടെൻഡറുകൾ പരിഗണിയ്ക്കുന്നതല്ല .
- **ടെൻഡർ ലഭിക്കുന്നവർ വിൽക്കുന്ന വിഭവങ്ങളുടെ വില വിവര പട്ടിക പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.**
- ടെൻഡർ ലഭിക്കുന്നവർ യാതൊരു തരത്തിലുമുള്ള ലഹരി പദാർത്ഥങ്ങൾ ഭോജന ശാല മുഖേന വിൽക്കുവാൻ പാടുള്ളതല്ല.
- നിലവിൽ പ്രാബല്യത്തിലുള്ള ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ച് മാത്രമേ വിഭവങ്ങൾ വിൽക്കുവാൻ പാടുള്ളൂ. പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഭോജന ശാലയിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ ടെൻഡർ ലഭിക്കുന്നയാൾ സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യേണ്ടതാണ്.
- ടെൻഡർ ലഭിക്കുന്ന വ്യക്തി വിൽക്കുന്ന സാധനങ്ങൾ ആവശ്യമായ FSSAI മുതലായ ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽ നിന്ന് ഉൾപ്പെടെയുള്ള ലൈസൻസ് നേടിയിരിക്കേണ്ടതാണ്. ആയതിന്റെ പകർപ്പ് **പൂപ്പൊലി തുടങ്ങുന്നതിനു 5 ദിവസം മുമ്പ്** ഓഫീസിൽ ഹാജരാക്കേണ്ടതാണ്.
- ഭക്ഷ്യ സാധനങ്ങൾ എല്ലാ ശുചിത്വ മാനദണ്ഡങ്ങളും പാലിച്ച് മാത്രമെ തയ്യാറാക്കി വിൽക്കുവാൻ പാടുള്ളൂ. വിൽക്കുന്ന സാധനങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും സാഹചര്യത്തിൽ നിയമ പ്രശ്നമുണ്ടായാൽ അവയ്ക്ക് ഈ സ്ഥാപനം ഉത്തരവാദിയായിരിക്കുന്നതല്ല.
- ആദ്യം പൊതു ലേലവും തുടർന്ന് ടെൻഡർ തുറക്കുന്നതും ആവശ്യമെങ്കിൽ അന്നേ ദിവസം തന്നെ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ പുനർ ലേലം നടത്തുന്നതുമാണ്.
- ആവശ്യമായ ഭക്ഷ്യ സുരക്ഷാ ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാതിരുന്നാൽ ടെൻഡർ ഉറപ്പിച്ച് പ്രവർത്തനം തുടങ്ങിയ ശേഷവും ഭോജന ശാല പ്രവർത്തനാനുമതി പ്രത്യേക മുന്നറിപ്പില്ലാതെ റദ്ദ് ചെയ്യുന്നതും നിരതദ്രവ്യം, ടെൻഡർ തുക ഇവ സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടാക്കുന്നതുമായിരിക്കും
- കാരണം കാണിക്കാതെയും യാതൊരു വിധ മുന്നറിയിപ്പില്ലാതെയും പ്രവർത്തനാനുമതി റദ്ദ് ചെയ്യാനുള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിൽ നിക്ഷിപ്തമായിരിക്കും
- ടെൻഡർ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതുജനങ്ങൾക്ക് യാത്ര തടസ്സം ഉണ്ടാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ ടെൻഡർ തുറക്കുന്നതാണ്.
- കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.

ഒപ്പ്/-
അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

പകർപ്പ്:- 1. ശ്രീ.രാഗേഷ്. പി.ആർ, സെക്ഷൻ ഓഫീസർ
2.നോട്ടീസ് ബോർഡ്
3.പഞ്ചായത്ത് ഓഫീസ്(അമ്പലവയൽ)
4.വില്ലേജ് ഓഫീസ്(അമ്പലവയൽ)
5.കെ.എ.യു വെബ് സൈറ്റ്.
6. കെ.വി.കെ, അമ്പലവയൽ
7. ബിൽ സെക്ഷൻ